**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2196** **09-02-2023 - ൽ മറുപടിയ്ക്ക്**

**അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യസുരക്ഷ വകുപ്പിന്റെ കീഴിലുള്ള ഫുഡ് അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി പരിശോധന നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ലാബുകളിലാണ് ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; മൈക്രോബയോളജി പരിശോധന സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എന്നിവിടങ്ങളിൽ മൈക്രോ ബയോളജി പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറിയിൽ 3 മൈക്രോബയോളജിസ്റ്റ് തസ്തികയും, ഒരു മൈക്രോബയോളജി റിസർച്ച് ഓഫീസർ തസ്തികയും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ മൈക്രോ ബയോളജിസ്റ്റ് വീതം തസ്തികയും നിലവിലുണ്ട്. |
| (ബി) | മൈക്രോബയോളജി സംവിധാനം ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിലെ മൈക്രോബയോളജി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനം FSSAI നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഈ പ്രവൃത്തിയ്ക്കായി റേറ്റ് കോൺട്രാക്റ്റ് ഉറപ്പിച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതും FSSAI യുടെ മേൽനോട്ടത്തിലാണ്. ഇതിനായി FSSAI ഒരു കോടി രൂപ വീതം നേരിട്ട് അതാത് ലാബ് മേധാവികളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. FSSAI നേരിട്ട് ക്ഷണിച്ച റേറ്റ് കോൺട്രാക്റ്റിനായുള്ള ടെൻഡറിൽ ഉൾപ്പെട്ട വെൻഡർമാർ നടപടിക്രമങ്ങൾ പാലിച്ചതിന് ശേഷം മാത്രമേ തുക വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത റേറ്റ് കോൺട്രാക്റ്റ് നിലവിൽ വന്നത് 14/06/2022 ലാണ്. ഇപ്രകാരം ടെൻഡറിൽ പങ്കെടുത്ത് L1 ആയ ബിഡ്ഡറുമായി വകുപ്പ് റേറ്റ് കോൺട്രാക്റ്റ് ഉറപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് അവർ തയ്യാറാക്കിയ layout FSSAI |

| | | | |
|---|---|---|---|
| | | | അംഗീകരിയ്ക്കുകയും പ്രസ്തുത കമ്പനിയ്ക്ക് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിയ്ക്കണമെന്ന വ്യവസ്ഥയിൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ